# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3194** **28.01.2014-ൽ മറുപടിക്ക്**

പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാർക്ക് യഥാസമയം പണം ലഭ്യമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, ജി. സുധാകരൻ<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാർക്ക് യഥാസമയം പണം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഭീമമായ തുക കരാറുകാർക്ക് കുടിശ്ശിക യായതിന്റെ കാരണം വിശദമാക്കുമോ; | (ബി) കരാറുകാരുടെ ബില്ലുകൾക്ക് "ലെറ്റർ ഓഫ് ക്രഡിറ്റ്" മുഖാന്തിരം പണം അനുവദിക്കുന്നത് ധനകാര്യ വകുപ്പാണ്. അതിനാൽ കുടിശ്ശിക വരുത്തുവാനുണ്ടായ സാഹചര്യങ്ങൾ ഭരണ വകുപ്പിൽ ലഭ്യമല്ല. സർക്കാരിന് ഇപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടുള്ളതായി അറിയുന്നു. എങ്കിലും കരാറുകാർക്ക് ഇത്രയും ഭീമമായ കുടിശ്ശിക ഉണ്ടായത് പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുള്ളതിനാൽ കുടിശ്ശിക ബില്ലുകൾ എത്രയും പെട്ടെന്ന് കൊടുത്തുതീർക്കുവാൻ നടപടി സ്വീകരിക്കുന്നതിന് ഭരണ വകുപ്പ് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടക്കാതിരുന്നത് കരാറുകാർക്ക് യഥാസമയം പണം നൽകാത്തതിനാലാണോയെന്ന് വ്യക്തമാക്കുമോ; | (സി) റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം തന്നെ നടത്തുന്നുണ്ട്. |
| (ഡി) കരാറുകാർക്ക് വൻതുക കുടിശ്ശിക ലഭിക്കാനുള്ളത് കാരണം മരാമത്ത് പണികൾ പ്രതിസന്ധിയിലായിട്ടുണ്ടോ; എങ്കിൽ ഇത് തരണം ചെയ്യുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) മരാമത്ത് പണികൾ ഇതുവരെ പ്രതിസന്ധിയിലായിട്ടില്ല. |

സെക്ഷൻ ഓഫീസർ